

# FRANCIS VINEETH VADAKETHALA CMI

## *Footprints of a Philosopher-Theologian Mystic*

Father Vineeth was one of the foremost thinkers of the CMI Community and a recognized and acknowledged one at that. He always remained a progressive thinker regarding issues both civil and religious, and advocated for the importance of freedom of thought and style with which he answered many of the deepest questions of life. As his lectures resonated with the deepest part of everyday-life with warmth, what flowed from him was philosophy in poetry, interspersed with the characteristic mild grunts that made Father Vineeth unique.

## John Neelankavil CMI, Dharmaram, Bengaluru

### പ്രചോദിപ്പിക്കുന്ന ഗുരു



ബഹുമാനപ്പെട്ട വിനീതച്ചന്റെ വിദ്യാർത്ഥിയായി ക്ലാസിലിരുന്ന് പഠിക്കാനും, അച്ചൻ ആചാര്യനായിരുന്ന വിദ്യാവനത്തിൽ ഇരുന്ന് ധ്യാനം കൂടാനും, പഠിക്കുന്ന കാലത്ത് അച്ചന്റെ കീഴിൽ തീസിസ് (ഫിലോസഫിയിൽ) എഴുതാനും സാധിച്ചിട്ടുള്ള ഒരു എളിയ ശിഷ്യനാണ് എന്നത് ഒരു വലിയ അനുഗ്രഹമായിരുന്നു. കാരണം അച്ചൻ എപ്പോഴും – പ്രചോദിപ്പിക്കുന്ന ഉന്നതനും പണ്ഡിതനും ആയ – ഒരു ഗുരുവായിട്ടാണ് എന്റെ മനസ്സിൽ നിലകൊള്ളുന്നത്.

കോവിഡുകാലത്തുള്ള അച്ചന്റെ നിര്യാണവും അച്ചനോട് കടപ്പെട്ടിരിക്കുന്നവർക്ക് ഈ സമയത്ത് അനുഭവിക്കേണ്ടി വരുന്ന കഠിനമായ പരിമിതികളും നമ്മെ വീണ്ടും ക്ഷണിച്ചുകൊണ്ടു പോകുന്നത് അച്ചൻ ക്ലാസ്സുകളിൽ വലിയ ഊന്നൽ കൊടുത്തു കൊണ്ട് പറയാറുള്ള 'വേൾഡ് ഈസ് എ വണ്ടർ' എന്ന തത്വശകലങ്ങളിലേക്കാണ്. തത്വങ്ങളും ചിന്തകളും വർഷങ്ങളോളം പഠിച്ച് ജീവിതത്തിൽ കൂട്ടുപിടിക്കാൻ പറ്റിയ ചിന്തകളോ ഇല്ലാതെ വരുന്ന പുത്തൻ തലമുറയെ കാണുമ്പോൾ വിനീതച്ചനെ പോലുള്ള ഇൻസ്പയറിങ്ങ് ഗുരുക്കൾ രൂപപ്പെടുത്തിയ, മനസ്സും മനുഷ്യരും ഒളിമങ്ങാത്ത ദീപങ്ങൾ ആയി ഇന്നും വിളങ്ങുന്നത് കാണുമ്പോൾ നാം വീണ്ടും പഠിക്കുന്നു, ആ ഗുരുവിന്റെ വചനം 'മാൻ ഈസ് എ മിസ്റ്ററി'.

ഉപനിഷത്തിൽ നിന്ന് എടുത്ത പഞ്ചകോശ സിദ്ധാന്തങ്ങൾ പറയുമ്പോൾ അത് ഒരേ സമയം തത്വശാസ്ത്ര (താത്വികമായ) സിദ്ധികളിലേക്കും, അതേസമയം ആത്മീയതയുടെ അന്തരാളങ്ങളി ലേക്കും ഒരാളെ നയിക്കാൻ സാധിക്കുന്ന വിധത്തിൽ ആയിരുന്നു. ഒരു നല്ല ഗുരു, ആചാര്യൻ, കവി, മിസ്റ്റിക് തുടങ്ങി പാണ്ഡിത്യത്തിന്റെയും ആദ്ധ്യാത്മികതയുടെയും ഉന്നത ശൃംഗങ്ങൾ കയറിയ വിനീതച്ചൻ എല്ലാവർക്കും ഒരു മാതൃകയാണ്. അച്ചൻ പറയാറുള്ള 'മാൻ ഓഫ് മിസ്റ്ററി' അന്യം നിന്നുപോകുന്ന ഈ കാലഘട്ടത്തിൽ ബഹുമാനപ്പെട്ട വിനീത് അച്ചന്റെ സ്മരണപോലും നമ്മിൽ പുണ്യം ജനിപ്പിക്കുന്നു. വിനീതച്ചൻ എന്ന മഹാ പുണ്യത്തിന് മുന്നിൽ ശിരസ്സ് നമിക്കുന്നു!